"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കാസർഗോഡ് ജില്ല - സപ്തഭൂമി ഡ്രോൺ അധിഷ്ഠിത വ്യവസായ സംരംഭം - ഡ്രോൺ ഉപയോഗിക്കുന്നതിന് പരിശീലനം ലഭിച്ച പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സംരംഭം തുടങ്ങുവാൻ ടി എസ് പി വിഹിതം ഉപയോഗിച്ച് ധനസഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.634/2026/LSGD തീയതി,തിരുവനന്തപുരം, 09-03-2026

പരാമർശം:-

1. സ.ഉ.(എം.എസ്) നം.3/2023/തസ്വഭവ തീയതി 04.01.2023.
2. കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.11.2025 ലെ കത്ത്.
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 23.02.2026 ലെ യോഗ തീരുമാനം 4.31.

**ഉത്തരവ്**

പട്ടികവർഗ്ഗ വികസന വകുപ്പും ASAP ഉം ചേർന്ന് നടത്തിയ ഡ്രോൺ പരിശീലന പരിപാടി വിജകരമായി പൂർത്തിയാക്കി ഡയറക്ടർ ജനറൽ ഓഫ് ഏവിയേഷന്റെ ഡ്രോൺ സെലക്ട് ലൈസൻസ് കരസ്ഥമാക്കിയ കാസർഗോഡ് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 10 യുവാക്കൾക്ക് 100 ശതമാനം സബ്സിഡിയോടെ ഡ്രോൺ വാങ്ങുവാൻ ധനസഹായം നൽകുന്നതിനായി 'സപ്തഭൂമി ഡ്രോൺ അധിഷ്ഠിത വ്യവസായ സംരംഭം' എന്ന പദ്ധതി ഏറ്റെടുക്കുവാൻ അനുമതി ലഭ്യമാക്കണമെന്ന് പരാമർശം (2) പ്രകാരം കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസർ ആവശ്യപ്പെട്ടിരുന്നു.

മേൽ വിഷയം പരാമർശം (3) പ്രകാരം ചേർന്ന യോഗത്തിൽ വിശദമായി പരിശോധിച്ചു. ഡ്രോൺ നൽകുന്നത് സംബന്ധിച്ചും ഇതിന്റെ പ്രവർത്തനം സംബന്ധിച്ചും വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച പ്രാദേശിക വികസനത്തിനുള്ള മാർഗ്ഗരേഖ പ്രകാരമുള്ള ജില്ലാതല സാങ്കേതിക സമിതിയ്ക്ക് നൽകി അംഗീകാരം വാങ്ങണമെന്ന നിബന്ധനയോടെ മേൽ പ്രോജക്ട് നടപ്പിലാക്കുവാൻ അനുമതി നൽകുന്നു. ആദ്യഘട്ടമെന്ന നിലയിൽ ഒരു വ്യക്തി / ഗ്രൂപ്പിന് മാത്രമാണ് ഡ്രോൺ നൽകേണ്ടത്. ഡ്രോൺ ഉപയോഗിക്കുന്നത് സംബന്ധിച്ച് മാർഗ്ഗരേഖ തയ്യാറാക്കി നൽകാൻ കൃഷി വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു. ഇപ്രകാരം കൃഷി വകുപ്പ് ഡയറക്ടർ തയ്യാറാക്കി നൽകുന്ന മാർഗ്ഗരേഖ പ്രകാരം പ്രോജക്ട്

നടപ്പിലാക്കുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റഷീദാ എസ്

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കാസർഗോഡ് ജില്ല
ജില്ലാ പ്ലാനിംഗ് ഓഫീസർ, കാസർഗോഡ് ജില്ല
ഡയറക്ടർ പട്ടികവർഗ്ഗ വികസന വകുപ്പ്
ഡയറക്ടർ, കൃഷി വകുപ്പ്
ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 09-03-2026 16:12:36

പകർപ്പ്:-
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്